പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1057

07.02.2013-ലെ മറുപടിയ്ക്ക്

**അന്ധകാരനഴി, അർത്തുങ്കൽ, തങ്കി എന്നീ ബീച്ചുകളുടെ വികസനം.**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ചേർത്തലയിലെ സുപ്രധാനങ്ങളായ അന്ധകാരനഴി, അർത്തുങ്കൽ, തങ്കി എന്നീ തീരങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പരിഗണിച്ച് പ്രസ്തുത മൂന്ന് ബീച്ചുകളുടെ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനും ആവശ്യമായ തുക അനുവദിച്ചു നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരിശോധിക്കുന്നതാണ്. |
| (ബി) നിരവധിയാളുകൾ തീർത്ഥാടകരായും വിനോദ സഞ്ചാരികളായും എത്തുന്ന അർത്തുങ്കൽ ബസലിക്കയുടെയും അർത്തുങ്കൽ ബീച്ചിന്റെയും വിനോദ സഞ്ചാരസാദ്ധ്യതകൾ കണക്കിലെടുത്ത് അർത്തുങ്കൽ ബീച്ച് നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുമോ; | (ബി) ആലപ്പുഴ ബാക്ക് വാട്ടർ സർക്യൂട്ട് പദ്ധതിക്ക് കേന്ദ്ര ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അന്ധകാരനഴി ടൂറിസം വികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; അന്ധകാരനഴി കടൽ തീരത്തിന്റെ സൗന്ദര്യവൽകരണത്തിന് കൂടുതൽ സൗകര്യമൊരുക്കുന്നതിനും സുനാമി ഫണ്ട് അടക്കം വിനിയോഗിച്ച് മുമ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും സൗകര്യങ്ങളും വിനിയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | അന്ധകാരനഴി കടൽത്തീരത്തിൽ സുനാമി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളും സൗകര്യങ്ങളും വിനിയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ആലപ്പുഴ ഡിറ്റിപിസിക്ക് 11,55,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ